ഷെഡ്യൂളുകളാണ് തൊടുപുഴ ഷെഡ്യൂളുകൾ. ഈ കാരണത്താൽ ബസ്സിന്റേയോ, ജീവനക്കാരുടേയോ അഭാവം മൂലം ഷെഡ്യൂൾ റദ്ദ് ചെയ്യേണ്ടിവന്നാൽ ആദ്യം റദ്ദ് ചെയ്യുന്നത് തൊടുപുഴ ഷെഡ്യൂളാണ്. അല്ലാതെ കോതമംഗലം-തൊടുപുഴ ഷെഡ്യൂൾ സ്ഥിരമായി റദ്ദ് ചെയ്തിട്ടില്ല.

(ഡി) പുതിയ സർവ്വീസുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ സാദ്ധ്യതാപഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. അതിൻ പ്രകാരം കോതമംഗലം-വെള്ളാരംകുത്ത്, കോതമംഗലം-പൈങ്ങോട്ടൂർ (വാളാച്ചിറ വഴി) എന്നീ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. സാദ്ധ്യതാപഠനത്തിൽ ലാഭകരമായി നടത്തുവാൻ കഴിയുന്ന സർവ്വീസ്സുകളുടെ നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും, ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതുകൊണ്ടാണ് ടി സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയാതിരിക്കുന്നത്.

(ഇ) കോതമംഗലം ഡിപ്പോയിലെ ഓഫീസ് കെട്ടിടത്തിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. നിലവിലുള്ള പാർക്കിംഗ് യാർഡ് ടാർ ചെയ്ത് വൃത്തിയാക്കുന്നതിനും യാർഡ് നവീകരിച്ച് കൂടുതൽ പാർക്കിംഗ് സൗകര്യം ഉണ്ടാക്കുന്നതിനുമുള്ള ടെണ്ടർ ക്ഷണിച്ച് നടപടികൾ പുരോഗതിയിലാണ്.

ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി.ഡിപ്പോയിൽ റിട്ടയറിംഗ് റൂം അനുവദിക്കാൻ നടപടി

169 (5389) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ റിട്ടയറിംഗ് റൂം ഇല്ലാത്തതുമൂലം ജീവനക്കാർക്കുള്ള ബുദ്ദിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുവാൻ ജീവനക്കാർക്ക് റിട്ടയറിംഗ് റൂം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) നിലവിലുള്ള റിട്ടയറിംഗ് റൂം അപര്യാപ്തമാണ്. വനിത കൾക്കായി ഒരു സ്റ്റാഫ് റിട്ടയറിംഗ് റൂം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ജനറേറ്റർ സ്ഥാപിക്കാൻ നടപടി

170 (5390) ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ വൈദ്യുതി പ്രതി സന്ധിമൂലം വിളക്കുകൾ കത്താതെ യാത്രക്കാർക്കും ജീവനക്കാർക്കുമുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുവാൻ പ്രസ്തുത ഡിപ്പോയിൽ ഒരു ജനറേറ്റർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജനറേറ്റർ സ്ഥാപിക്കുന്നതിന്റെ ആവശ്യകത ഇതുവരെ അനുഭവപ്പെട്ടിട്ടില്ല.

വേണാട് ലിമിറ്റഡ് സ്റ്റോപ്പ് ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി

171 (5391) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും മാത-കോക്കാട്-തടിക്കാട്-ആയൂർ-മെഡിക്കൽ കോളേജ് വഴി തമ്പാനൂർക്ക് കെ.എസ്.ആർ.ടി.സി. വേണാട് ലിമിറ്റഡ് സ്റ്റോപ്പ് ബസ് സർവ്വീസ് ആരംഭിക്കുവാൻ വേണ്ടിയുള്ള നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബസ് സർവ്വീസ് എന്ന് മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി & സി) നിവേദനത്തിന്മേൽ സാദ്ധ്യതാപഠനം നടത്തുകയും കോർപ്പറേഷന് ലാഭകരമായി സർവ്വീസ് നടത്താമെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ സർവ്വീസ് തുടങ്ങുന്നതിന് സാധിച്ചിട്ടില്ല. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് തുടങ്ങുന്നകാര്യം പരിശോധിക്കുന്നതാണ്.

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി

172 (5392) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും പുതുതായി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണമെന്ന് കാണിച്ച് എത്ര അപേക്ഷകൾ നൽകിയിട്ടുണ്ട് ; അതിൽ എത്ര സർവ്വീസുകൾ ആരംഭിച്ചു ; ഇനി എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുക്കാനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly